# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4500 — 21/03/2018-ൽ മറുപടിക്ക്

## ഹൃദ്യം പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.ദിവാകരൻ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് ഹൃദ്യം പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | എ) | ഉണ്ട്. കുട്ടികളിലെ ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം നേരിടുന്നു. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോ അപ്പ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തിരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു വെബ്സൈറ്റ് വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ വെബ്സൈറ്റിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. |
| ബി) | ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും പദ്ധതിയിൽ ഉൾപ്പെടുന്നതിന് അപേക്ഷ സമർപ്പിക്കാനുള്ള നടപടി ക്രമങ്ങളും ഹാജരാക്കേണ്ട രേഖകളും എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | ബി) | സംസ്ഥാനത്തുള്ള 18 വയസ്സിനു താഴെ പ്രായമുള്ള ഹൃദ്രോഗ ബാധയുള്ള ഏതൊരു കുട്ടിക്കും ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടാവുന്നതാണ്. രോഗ നിർണ്ണയത്തിനുശേഷം കുട്ടിയുടെ വിവരങ്ങൾ ഏതൊരാൾക്കും hridyam.in എന്ന വെബ്സൈറ്റിൽ ചേർക്കാവുന്നതാണ്. ഇത്തരത്തിൽ വിവരങ്ങൾ ചേർക്കപ്പെടുമ്പോൾ മെഡിക്കൽ വിവരങ്ങൾ ചേർക്കുന്നതിനായോ അല്ലെങ്കിൽ പൂർണ്ണമായും കുട്ടിയുടെ വിവരങ്ങൾ വെബ്സൈറ്റിൽ ചേർക്കുന്നതിനായി എല്ലാ ജില്ലാ/ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളിലും (DEIC) വെബ്സൈറ്റിലേക്ക് രജിസ്ട്രേഷൻ സാധ്യമാകുന്ന login id കൾ നൽകിയിരിക്കുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ഒരു കേസ് നമ്പർ ലഭ്യമാകുന്നു. കേസുകൾ രജിസ്റ്റർ ചെയ്ത ഉടൻ തന്നെ കുട്ടികളുടെ അസുഖം സംബന്ധിക്കുന്ന വിവരങ്ങളും എക്കോ ഉൾപ്പെടെയുള്ള പരിശോധനാ റിപ്പോർട്ടുകളും പ്രസ്തുത കേസ് നമ്പരിനോടൊപ്പം അപ് ലോഡ് ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ